**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4665** **02-07-2024 - ൽ മറുപടിയ്ക്ക്**

**കോളിക്കടവ് വേട്ടുണ്ട വരപ്പുറത്ത്കണ്ടി റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി മണ്ഡലത്തിൽ കോട്ടൂർ ഗ്രാമപഞ്ചായത്തിൽ ജപ്പാൻ കുടിവെള്ള പൈപ്പ് ലൈൻ കടന്ന് പോകുന്ന കോളിക്കടവ് വേട്ടുണ്ട വരപ്പുറത്ത്കണ്ടി റോഡ് നവീകരിക്കുന്നതിനായി എം.എൽ.എ. ഫണ്ട് അനുവദിച്ചിട്ടും വാട്ടർ അതോറിറ്റിയുടെ അനുമതി ലഭിക്കാത്തത് കാരണം പ്രവൃത്തി തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ബാലുശ്ശേരി മണ്ഡലത്തിലെ കോട്ടൂർ ഗ്രാമപഞ്ചായത്തിൽ ജപ്പാൻ കുടിവെള്ള പൈപ്പ് ലൈൻ കടന്ന്പോകുന്ന കോളിക്കടവ് വേട്ടുണ്ട വരപ്പുറത്ത്കണ്ടി റോഡിലൂടെ 1200m പൈപ്പ് സ്ഥാപിക്കുവാൻ ഉള്ളതിൽ 400m ഒഴികെ ബാക്കി മുഴുവൻ പൈപ്പ് ലൈനുകളും സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള 400m 90mm വ്യാസമുള്ള പൈപ്പ്, റോഡ് പ്രവൃത്തി നടക്കുന്നതിനൊപ്പം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത റോഡ് നവീകരിക്കുന്നതിനായി കോട്ടൂർ ഗ്രാമ പഞ്ചായത്ത് എപ്പോഴാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നും ഈ അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്നും വിശദമാക്കാമോ; | (ബി) | മേൽ വിഷയത്തിൽ കോട്ടൂർ ഗ്രാമ പഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിട്ടില്ല. എന്നാൽ റോഡ് സംരക്ഷണ സമിതി ചെയർമാൻ ജലവിഭവ വകുപ്പ് മന്ത്രി മുഖേനയും MLA മുഖേനയും നിവേദനം സമർപ്പിച്ചിട്ടുണ്ട്. അപേക്ഷയിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | എം.എൽ.എ. ഫണ്ടിന്റെ കാലാവധി അവസാനിക്കും മുമ്പ് പ്രസ്തുത റോഡിന്റെ നവീകരണ പ്രവൃത്തിക്ക് അനുമതി നൽകുന്നതിനുള്ള സത്വരനടപടി സ്വീകരിക്കാമോ? | (സി) | പ്രസ്തുത റോഡിൽ ജല അതോറിറ്റിയുടെ ഉടമസ്ഥാവകാശം നിലനിർത്തികൊണ്ട് തന്നെ പൊതുജനങ്ങൾക്ക് യാത്രാസൗകര്യം ഉണ്ടാകുന്ന രീതിയിൽ റോഡ് നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ